(ഇ) നടപടികൾ വേഗത്തിൽ തീർപ്പാക്കി മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് സി. ബി. എച്ച്. എസ്. എസ്.-ലെ ശ്രീമതി ബി. സുശീലാമ്മ എന്ന ഹൈസ്കൂൾ അദ്ധ്യാപികയെ ചില ആരോപണങ്ങളുടെ പേരിൽ മാനേജർ 21-7-2000-ൽ സസ്പെന്റ് ചെയ്യുകയുണ്ടായി. പ്രസ്തുത അദ്ധ്യാപികയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള ഡിപ്പാർട്ട്മെന്റ് നിർദ്ദേശങ്ങൾക്കെതിരെ മാനേജർ കോടതിയെ സമീപിച്ചതിനാൽ സസ്പെൻഷൻകാലം ക്രമാതീതമായി നീണ്ടുപോകുകയുണ്ടായി. സസ്പെൻഷൻ കാലയളവിൽ സാധാരണയായി ഉപജീവനബത്തയ്ക്ക് മാത്രമേ ഒരുജീവനക്കാരന് അർഹതയുണ്ടായിരിക്കുകയുള്ളു. അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് സസ്പെൻഷൻ കാലഘട്ടം എങ്ങനെ പരിഗണിക്കണമെന്ന അവസാന ഉത്തരവിന് ശേഷമേ സസ്പെൻഷനിൽ നിൽക്കുന്നയാളിന് മറ്റാനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളു.

(ബി) ശ്രീമതി സുശീലാമ്മയ്ക്കെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് തിരൂർ ഡി. ഇ. ഒ. 25-4-2003-ൽ ഉത്തരവിറക്കിയെങ്കിലും അതിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിനുമേൽ പരാതി കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. ടി ഹിയറിംഗിന്മേലുള്ള അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗ്രേഡ്, ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയുള്ളു.

(സി) കെ. ഇ. ആർ. അദ്ധ്യായം 14 എ വകുപ്പ് 67,75 എന്നിവ പ്രകാരം സസ്പെൻഷനിലായിരുന്ന ജീവനക്കാരന്റെ സസ്പെൻഷൻകാലം ഡ്യൂട്ടിയായോ, അർഹതപ്പെട്ട ലീവായോ പരിഗണിക്കപ്പെടാവുന്നതാണ്. അപ്രകാരമുള്ള ഒരു അവസാന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ അർഹതപ്പെട്ട ആനുകൂല്യങ്ങൾ കണക്കാക്കുവാനും അത് നൽകുവാനും സാധിക്കുകയുള്ളു.

(ഡി) ശ്രീമതി ബി. സുശീലാമ്മയെ 21-7-2000-ലാണ് സസ്പെന്റ് ചെയ്തത്. 8-10-2002-ൽ അവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു. രണ്ട് വർഷവും രണ്ടര മാസവും അവർ സസ്പെൻഷനിലായിരുന്നു. സ്കൂളിനും പ്രധാനദ്ധ്യാപകനും എതിരെ അപവാദപ്രചാരണം നടത്തി എന്നതായിരുന്നു അവരുടെമേൽ ആരോപിച്ച പ്രധാന കുറ്റം. സസ്പെൻഷനാധാരമായ കാര്യങ്ങളെക്കുറിച്ച് നടത്തിയ വകുപ്പുതല അന്വേഷണങ്ങളിൽ അവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതായി തെളിവില്ല.

(ഇ) അച്ചടക്ക നടപടികളിന്മേലുള്ള അവസാന തീരുമാനം ആകുന്ന മുറയ്ക്ക് ആനുകൂല്യങ്ങളെല്ലാം നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

378 [2438] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം ഏജൻസികളുടെ മാനേജു മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകാര്യ മാനേജ്മെന്റ്, സമുദായ മാനേജ്മെന്റ് എന്നിവയുടെ കീഴിൽ എത്ര എണ്ണം വീതം പ്രവർത്തിക്കുന്നുണ്ടെന്നും അവ ഓരോന്നും ഏതെല്ലാമാണെന്നും എവിടെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരങ്ങൾ ഒരുക്കമായി ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഗവൺമെന്റ് കോളേജിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

379 [2439] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട് എന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ അദ്ധ്യാപക നിയമനങ്ങൾ എത്ര നടത്തിയെന്ന് വിഷയം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഗവൺമെന്റ് കോളേജുകളിലാണ് ഒരു ഡിപ്പാർട്ട്മെന്റിൽ ഒരദ്ധ്യാപകൻപോലുമില്ലാത്തത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ബി)	1.	ബോട്ടണി	..	17
	2.	സുവോളജി	..	16
	3.	കെമിസ്ട്രി	..	34
	4.	ജിയോളജി	..	5
	5.	ഇംഗ്ലീഷ്	..	4
	6.	മലയാളം	..	23
	7.	മാത്തമാറ്റിക്സ്	..	63
	8.	കമ്പ്യൂട്ടർ സയൻസ്	..	1
	9.	ഇസ്ലാമിക് ഹിസ്റ്ററി	..	6
	10.	സ്റ്റാറ്റിസ്റ്റിക്സ്	..	2
	11.	പൊളിറ്റിക്സ്	..	1
	12.	ഹിന്ദി	..	1
	13.	അറബിക്	..	2
	14.	മ്യൂസിക്	..	11

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly